**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 578** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ നികുതി വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി. എസ്. ടി. വകുപ്പ് പുനഃസംഘടന ഏതെല്ലാം തലത്തിൽ ഗുണകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; പുനസംഘടിപ്പിക്കുന്നതോടെ കേരളത്തിന്റെ നികുതി വരുമാനം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമായിരുന്നു. മികച്ച നികുതിദായക സേവനങ്ങൾ നൽകുക, സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുക, നികുതി വരുമാനം വർദ്ധിപ്പിക്കുക, വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുക, നടപടിക്രമങ്ങൾ ലളിതമാക്കുക, എന്നീകാര്യങ്ങൾ വിഭാവനം ചെയ്തു കൊണ്ടുള്ള സമഗ്രമായ ഒരു പുന:സംഘടനയാണ് വകുപ്പിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്.<br><br>ടാക്സ് പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആന്റ് ഇന്റ ലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായാണ് വകുപ്പിനെ പുന:സംഘടിപ്പിച്ചിട്ടുള്ളത്. ജി.എസ്.ടി. സംവിധാനം പൂർണ്ണമായും ഓൺ ലൈൻ അധിഷ്ഠിതമാണ്. സമഗ്രമായ ഒരു പുന:സംഘടന വിഭാവനം ചെയ്തത് വഴി നിലവിലുള്ള സംവിധാനങ്ങൾ ജി.എസ്.ടി. നിയമപ്രകാരം കൂടുതൽ ശക്തിപ്പെടുന്നതിനും പ്രൊഫഷണലായ പരിശീലനം ജീവനക്കാർക്ക് നൽകിയും സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, കാര്യക്ഷമമായി നികുതി നിർവഹണം സാധ്യമാക്കുന്നതിനും കഴിയും.<br><br>നിലവിലെ ശരാശരി ജി.എസ്.ടി മാസവരുമാനം 2300കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ഇനിയുള്ള 3 മാസങ്ങളിലും ഈ തുക വരുമാനമായി പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | വാറ്റിന്റെ കുടിശ്ശിക ഇനിയും എത്ര ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 30-11-2022 വരെ വാറ്റിന്റെ കുടിശ്ശിക ഇനത്തിൽ 10867.64കോടി രൂപയാണ് ലഭിക്കാനുള്ളത് . |
| (സി) | ജി. എസ്. ടി. പുനസംഘടനയിലൂടെ എത്രമാത്രം അധിക വരുമാനം ലഭിക്കും; വിശദമാക്കാമോ? | (സി) | കേരള പൊതു വില്പന നികുതി നിയമ പ്രകാരമുള്ള ഓഫീസ് ഘടനയാണ് മൂല്യ വർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും വകുപ്പിൽ നിലനിന്നിരുന്നത്. മൂല്യവർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന ഘടനയിൽ ചെറിയ വ്യത്യാസങ്ങൾ ടി നിയമമനുസരിച്ച് വരുത്തിക്കൊണ്ടാണ് നികുതി ഭരണം നിർവ്വഹിച്ചിരുന്നത്. രാജ്യത്ത് ജി.എസ്.ടി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും നിലവിലുള്ള ഘടനയിലൂടെ ജി.എസ്.ടി നിയമപ്രകാരമുള്ള ജോലികൾ മുടക്കം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നു. നിലവിലുള്ള ഘടനയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമമായി നികുതി നിർവ്വഹണം സാധ്യമാക്കുന്നതിനുമാണ് പുനഃസംഘടന വിഭാവനം ചെയ്യുന്നത്.<br><br>നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ 21949.66 കോടി രൂപ ജി.എസ്.ടി നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. നിലവിലെ ശരാശരി ജി.എസ്.ടി മാസ വരുമാനം 2300കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ഇനിയുള്ള 3 മാസങ്ങളിലും ഈ തുക വരുമാനമായി പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 578    02.02.2023 ൽ മറുപടിനൽകേണ്ടത്.**

## കേരളത്തിന്റെ നികുതി വരുമാനം

| ചോദ്യം<br>ശ്രീ. പി. മമ്മിക്കുട്ടി | | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. വകുപ്പ് പുനഃസംഘടന ഏതെല്ലാം തലത്തിൽ ഗുണകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; പുനസംഘടിപ്പിക്കുന്നതോടെ കേരളത്തിന്റെ നികുതി വരുമാനം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിലും കാതലായ മാറ്റങ്ങൾ അനിവാര്യമായിരുന്നു. മികച്ച നികുതിദായക സേവനങ്ങൾ നൽകുക, സംസ്ഥാനത്ത് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുക, നികുതി വരുമാനം വർദ്ധിപ്പിക്കുക, വകുപ്പിലെ പ്രൊഫഷണലിസവും സ്പെഷ്യലൈസേഷനും വർദ്ധിപ്പിക്കുക, നടപടിക്രമങ്ങൾ ലളിതമാക്കുക, എന്നീകാര്യങ്ങൾ വിഭാവനം ചെയ്തു കൊണ്ടുള്ള സമഗ്രമായ ഒരു പുനഃസംഘടനയാണ് വകുപ്പിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്.<br><br>ടാക്സ് പേയർ സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, എൻഫോഴ്സ്മെന്റ് ആന്റ് ഇന്റലിജൻസ് വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങളായാണ് വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുള്ളത്. ജി.എസ്.ടി. സംവിധാനം പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിതമാണ്. സമഗ്രമായ ഒരു |

| | | | |
|---|---|---|---|
| | | | പുന:സംഘടന വിഭാവനം ചെയ്തത് വഴി നിലവിലുള്ള സംവിധാനങ്ങൾ ജി.എസ്.ടി. നിയമപ്രകാരം കൂടുതൽ ശക്തിപ്പെടുന്നതിനും പ്രൊഫഷണലായ പരിശീലനം ജീവനക്കാർക്ക് നൽകിയും സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, കാര്യക്ഷമമായി നികുതി നിർവഹണം സാധ്യമാക്കുന്നതിനും കഴിയും.<br><br>നിലവിലെ ശരാശരി ജി.എസ്.ടി മാസ വരുമാനം 2300 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ഇനിയുള്ള 3 മാസങ്ങളിലും ഈ തുക വരുമാനമായി പ്രതീക്ഷിക്കുന്നു. |
| (ബി) | വാറ്റിന്റെ കുടിശ്ശിക ഇനിയും എത്ര ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ; | (ബി) | 30-11-2022 വരെ വാറ്റിന്റെ കുടിശ്ശിക ഇനത്തിൽ 10867.64 കോടി രൂപയാണ് ലഭിക്കാനുള്ളത് . |
| (സി) | ജി.എസ്.ടി. പുനസംഘടനയിലൂടെ എത്രമാത്രം അധിക വരുമാനം ലഭിക്കും; വിശദമാക്കാമോ? | | കേരള പൊതു വില്പന നികുതി നിയമ പ്രകാരമുള്ള ഓഫീസ് ഘടനയാണ് മൂല്യ വർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും വകുപ്പിൽ നിലനിന്നിരുന്നത്. മൂല്യവർദ്ധിത നികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്ന ഘടനയിൽ ചെറിയ വ്യത്യാസങ്ങൾ ടി നിയമമനുസരിച്ച് വരുത്തിക്കൊണ്ടാണ് നികുതി ഭരണം നിർവ്വഹിച്ചിരുന്നത്. രാജ്യത്ത് ജി.എസ്.ടി നിയമം പ്രാബല്യത്തിൽ വന്നപ്പോഴും നിലവിലുള്ള ഘടനയിലൂടെ ജി.എസ്.ടി നിയമപ്രകാരമുള്ള ജോലികൾ മുടക്കം കൂടാതെ നടപ്പിലാക്കുന്നതിന് വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിലുള്ള ഘടനയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും കാര്യക്ഷമമായി നികുതി നിർവ്വഹണം സാധ്യമാക്കുന്നതിനുമാണ് പുനഃസംഘടന വിഭാവനം ചെയ്യുന്നത്.<br><br>നടപ്പ് സാമ്പത്തിക വർഷം ഡിസംബർ മാസം വരെ 21949.66 കോടി രൂപ ജി.എസ്.ടി നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്. നിലവിലെ ശരാശരി ജി.എസ്.ടി മാസ വരുമാനം 2300 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിലെ ഇനിയുള്ള 3 മാസങ്ങളിലും ഈ തുക വരുമാനമായി പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ